പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 323    14.03.2018- ൽ മറുപടിയ്ക്ക്

## വയോജന കമ്മീഷൻ രൂപീകരണം

ചോദ്യം    മറുപടി

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.കെ.ആൻസലൻ.

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനം വയോജന സംരക്ഷണത്തിന് ദേശീയ പുരസ്കാരം നേടിയിട്ടുള്ള സാഹചര്യത്തിൽ, വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | വയോജനക്ഷേമത്തിനായി ഈ സർക്കാർ താഴെപ്പറയും വിധം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**i) സായംപ്രഭ ഹോം പദ്ധതി :** നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്കു കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് "സായംപ്രഭ ഹോം" ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. ആദ്യ ഘട്ടത്തിൽ 70 പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>**ii) <u>മന്ദഹാസം പദ്ധതി</u> :** പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 60 വയസ്സ് കഴിഞ്ഞ ദാരിദ്ര രേഖയ്ക്കു താഴെയുള്ള സംസ്ഥാനത്തെ വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ച് പിടിപ്പിച്ച് കൊടുക്കുന്ന പദ്ധതിയാണ് |

| | | | |
|---|---|---|---|
| | | | മന്ദഹാസം പദ്ധതി. ആദ്യഘട്ടത്തിൽ 1500 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>**iii) <u>വയോ അമൃതം പദ്ധതി</u>**<br>സംസ്ഥാനത്തെ16 വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവ്വേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 16 വൃദ്ധസദനങ്ങളിലെ 800ൽ പരം അന്തേവാസികൾക്ക് പദ്ധതി പ്രയോജനം ലഭിക്കുന്നു.<br><br>**iv) <u>മൾട്ടി സ്പെഷ്യൽ ഡേ കെയർ സെന്റർ:</u>**<br>വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം സ്ഥാപിക്കുന്ന പദ്ധതിയാണിത്. പദ്ധതി ഉടൻ പൂർത്തിയാക്കുന്നതാണ്.<br><br>**v) <u>വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്:</u>**<br>മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുക, അവരുടെ ആരോഗ്യ പരിപാലനത്തിനും, വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദ മാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്.<br><br>**vi) <u>രാഷ്ട്രീയ വയോശ്രീ യോജന:</u>**<br>ബി.പി.എൽ കുടുംബങ്ങളിലുള്ള മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽചെയർ, വാക്കിംഗ് സ്റ്റിക്, കണ്ണടകൾ തുടങ്ങിയവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | ജീവിത സായാഹനത്തിലെ വരുമാനമില്ലായ്മയോ കുറഞ്ഞ വരുമാനമോ മൂലം ശിഷ്ടജീവിതം ദുരിതപൂർണ്ണമാകുന്നത് ഒഴിവാക്കാൻ സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ജീവിത സായാഹ്നത്തിലെ വരുമാനമില്ലായ്മയോ കുറഞ്ഞ വരുമാനമോ മൂലം ശിഷ്ട ജീവിതം ദുരിത പൂർണ്ണമാകുന്നത് ഒഴിവാക്കുന്നതിനു സാമൂഹ്യനീതി വകുപ്പിനു കീഴിൽ 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത 70 പകൽ പരിപാലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. കൂടാതെ സർക്കാർ ആശുപത്രികളിലെ കിടപ്പ രോഗികളിൽ അസുഖം ഭേദമായി തിരികെ പോകുന്നതിനു വീടോ ബന്ധുക്കളോ ഇല്ലാത്ത വയോജനങ്ങളെ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സർക്കാർ വൃദ്ധ സദനങ്ങളിലോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള മറ്റു സ്വകാര്യ വൃദ്ധ സദനങ്ങളിലോ മാറ്റുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | വയോജനങ്ങൾക്ക് എതിരെയുള്ള ശാരീരിക മാനസിക അതിക്രമങ്ങൾ തടയുന്നതിനും വൃദ്ധസദനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും വയോജന സംരക്ഷണത്തിനുള്ള നിയമപരമായ ബാധ്യത നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുമായി വയോജന കമ്മീഷൻ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | വയോജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേർന്ന് വയോജനക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.<br>മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച കേന്ദ്രനിയമം 2007, ആയതിന്റെ അനുബന്ധമായുള്ള സംസ്ഥാന ചട്ടങ്ങൾ എന്നിവ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. നിയമത്തിൽ അനുശാസിയ്ക്കും വിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രിബ്യൂണലുകളും, ജില്ലാ കളക്ടർമാരെ |

| | | | |
|---|---|---|---|
| | | | പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രിബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു റിട്ട.ജസ്റ്റിസ് രാമചന്ദ്രൻ നായർ അധ്യക്ഷനായുള്ള മൂന്നംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് മക്കളിൽ നിന്നും സമൂഹത്തിൽ നിന്നും നേരിടുന്ന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കാണുന്നതിനു സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടു കൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**